*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം, ഹൗസിങ്ങ്ബോർഡ്*
*ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/3/DGE-HSS/2020** **25/09/2020**

# <u>സർക്കുലർ</u>

## പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ <u>കമ്മ്യൂണിറ്റി</u> ക്വാട്ട പ്രവേശനം : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശ്ശങ്ങൾ.

സൂചന : **1)GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08.**
**2)GO(Rt)No. 2356/2020/G.Edn Dated Thiruvananthapuram 27/07/2020.**

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ്, സെലക്ട് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് "<u>കമ്മ്യൂണിറ്റി</u> ക്വാട്ട റാങ്ക് ജനറേറ്റർ" സോഫ്റ്റ് വെയർ (Paragraph 3 in Prospectus ) ഡയറക്ടറേറ്റിൽ നിന്നും 2020 സെപ്റ്റംബർ 9 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. **കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം മാത്രമെ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശന ഷെഡ്യൂൾ താഴെ പ്രതിപാദിക്കും പ്രകാരം പുന:ക്രമീകരിച്ചതായി അറിയിക്കുന്നു. അതത് സ്കൂൾ പ്രിൻസിപ്പൽമാർ നിർദിഷ്ഠ ഷെഡ്യൂൾ പ്രകാരം കോവിഡ് ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രത്യേക ക്ലാസ്സ് മുറിയിൽ കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അഡ്മിഷൻ ഡെസ്ക് രൂപീകരിച്ച് പ്രവേശന നടപടികൾ ക്രമീകരിക്കണമെന്നു നിർദ്ദേശിക്കുന്നു.**

### <u>കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഷെഡ്യൂൾ</u>

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | **09/09/2020** |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ട തീയതി | : | **26/09/2020** |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | **28/09/2020** |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | **28/09/2020** |

**2.** സപ്ലിമെൻററി ഘട്ടം

| | |
|---|---|
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി : | 03/10/2020 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | :05/10/2020 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | :06/10/2020 |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | :06/10/2020 |
| **പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി** | **:08/10/2020** |

പൊതുവിദ്യാഭ്യാസ ഡയറക്ടർ